**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2275** **05-02-2026 - ൽ മറുപടിയ്ക്ക്**

**മാവേലി സ്റ്റോർ വഴിയുള്ള സബ്സിഡി സാധനങ്ങളുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലനിലവാരം സുസ്ഥിരമായി നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; നിലവിലെ നടപടികൾ അപര്യാപ്തമാണെന്ന പരാതികൾ പരിഗണിച്ച് കൂടുതൽ വിപണി ഇടപെടലുകൾക്ക് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലനിലവാരം സുസ്ഥിരമായി നിയന്ത്രിച്ച് നിലനിർത്തുന്നതിന് സപ്ലൈകോ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ 13 അവശ്യ ഭക്ഷ്യ വസ്തുക്കൾ സബ്സിഡി നിരക്കിലും (20 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ) മറ്റുള്ളവ പൊതു വിപണിയേക്കാൾ 10 മുതൽ 30 ശതമാനം വരെ വിലക്കുറച്ചും പൊതു ജനങ്ങൾക്ക് ആവശ്യത്തിന് ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, വിവിധ മസാലപ്പൊടികൾ, ഉപ്പ്, വെളിച്ചെണ്ണ, പുട്ടുപൊടി, അപ്പംപൊടി മുതലായ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ കുറഞ്ഞ വിലയിൽ മരുന്നുകളും സപ്ലൈകോ മെഡിക്കൽ ഷോപ്പുകളിലൂടെ നൽകി വരുന്നു.<br><br>വെളിച്ചെണ്ണയുടെ വില ക്രമാതീതമായി ഉയർന്ന ഘട്ടത്തിൽ **അനുബന്ധം** ആയി കൊടുത്തിരിക്കുന്ന പ്രകാരമുള്ള തീയതികളിൽ പ്രാബല്യത്തിൽ വരത്തക്ക വിധം വെളിച്ചെണ്ണയുടെ വില സബ്സിഡി നിരക്കിലും ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം വാങ്ങാവുന്ന നോൺ സബ്സിഡി നിരക്കിലും കുറവ് വരുത്തിക്കൊണ്ട് ഫലപ്രദമമായി വിപണിയിൽ ഇടപെടുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ഓണം, ക്രിസ്തുമസ്, വിഷു, ഈസ്റ്റർ, റംസാൻ തുടങ്ങിയ ഉത്സവകാലങ്ങളിൽ സപ്ലൈകോ എല്ലാ ജില്ലകളിലും പ്രത്യേകമായി ജില്ലാ ഫെയറുകൾ സംഘടിപ്പിച്ചു. ഓരോ താലൂക്കിലെയും പ്രമുഖ സപ്ലൈകോ വിൽപ്പനശാലയോട് ചേർന്ന് ക്രിസ്തുമസ്-ന്യൂഇയർ ചന്തകളും സംഘടിപ്പിക്കുകയുണ്ടായി. എല്ലാ വിൽപ്പനശാലകളിലും ഫെയറുകളിലും സബ്സിഡി ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തി. ഗ്രാമീണമേഖലകളിൽ ആവശ്യാനുസരണം സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ ക്രമീകരിച്ചിട്ടുണ്ട്.<br><br>2025 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ സബ്സിഡി ശബരി വെളിച്ചെണ്ണ റേഷൻകാർഡിന് പ്രതിമാസം 2 ലിറ്റർ വീതം ലഭ്യമാകുന്ന തരത്തിൽ മുൻകൂറായി വാങ്ങുന്നതിന് അനുമതി നൽകി. ഇതേ തുടർന്ന് വെളിച്ചെണ്ണ വില പൊതുവിപണിയിലും കുറയുവാൻ തുടങ്ങി. നിലവിൽ സബ്സിഡി നിരക്കിലുള്ള വെളിച്ചെണ്ണ 309/- രൂപയ്ക്കും സബ്സിഡിയിതര നിരക്കിൽ 329/- രൂപയ്ക്കും ആണ് സപ്ലൈകോ വിൽപ്പന നടത്തുന്നത്.<br><br>നിലവിൽ ശബരി നോൺ സബ്സിഡി വെളിച്ചെണ്ണ 309/- രൂപയും സബ്സിഡി വില്പന 289/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്.<br><br>സപ്ലൈകോയുടെ വിപണി ഇടപെടൽ പ്രവർത്തനങ്ങളുടെ ഭാഗമായി 2025 ക്രിസ്തുമസ്-2026 പുതുവത്സര വേളയിൽ സപ്ലൈകോ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം തൃശ്ശൂർ എന്നീ ജില്ലകളിൽ 22-12-2025 മുതൽ 01-01-2026 വരെ പ്രത്യേകമായി ജില്ലാ ഫെയറുകൾ (ആകെ 6 എണ്ണം) സംഘടിപ്പിക്കുകയുണ്ടായി. എല്ലാ ജില്ലാ ഫെയറുകളിലും പച്ചക്കറി സ്റ്റാളുകളും സജ്ജീകരിച്ചിരുന്നു. നീണ്ട ക്യൂ ഒഴിവാക്കുന്നതിനായി വേണ്ടത്ര ബില്ലിംഗ് കൗണ്ടറുകളും POS മെഷീനുകളും ഒരുക്കിയിരുന്നു.<br><br>സപ്ലൈകോ സിഗ്നേച്ചർ മാർട്ട് എന്ന പേരിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ നൂതന സൂപ്പർ മാർക്കറ്റുകൾക്ക് തുടക്കം കുറിച്ചു. |
| (ബി) | മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വിതരണത്തിൽ എന്തെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സബ്സിഡി സാധനങ്ങൾ എല്ലാ ഉപഭോക്താക്കൾക്കും തടസ്സമില്ലാതെ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | സബ്സിഡി സാധനങ്ങൾ എല്ലാ ഉപഭോക്താക്കൾക്കും തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനായി യഥാസമയം e-tender/e-auction മുഖേന ആവശ്യാനുസരണമുള്ള സാധനങ്ങൾ പർച്ചേസ് നടത്തുകയും ആയത് യഥാസമയം ഡിപ്പോകളിൽ എത്തിച്ച് സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്യുകയും ചെയ്യുന്നു. |
| (ഡി) | മാവേലി സ്റ്റോറുകളിലെ ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് വിഭാഗത്തിൽപ്പെട്ട സാധനങ്ങൾ മാസത്തിന്റെ പകുതിയോടെ തീർന്നുപോകുന്നതായും രണ്ടാം പാദത്തിൽ ലഭ്യമാകുന്നില്ല എന്നുമുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോരോ കമ്പനികളുടെ ഉൽപ്പന്നങ്ങൾക്കായി ഇൻഡന്റ് ഉറന്ന്, ഒരു മാസത്തെ വിതരണത്തിനുള്ള ഉൽപ്പന്നങ്ങളുടെ ആവശ്യകത ഡിപ്പോകളിൽ നിന്നും ലഭ്യമാക്കി ആയതനുസരിച്ചുള്ള പർചെയ്സ് ഓർഡർ നൽകുകയും ഔട്ട് ലെറ്റുകളിലെ FMCG ഉൽപന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു വരുന്നു. ചില സന്ദർഭങ്ങളിൽ ഡിപ്പോകളിൽ നിന്നും ആവശ്യപ്പെടുന്ന പക്ഷം വീണ്ടും ഇൻഡന്റ് ഉറന്ന് പർചെയ്സ് ഓർഡർ നൽകി വരുന്നതിനാൽ FMCG ഉൽപന്നങ്ങളുടെ ലഭ്യതക്കുറവ് വരുന്ന സാഹചര്യം ഉണ്ടാകാറില്ല. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| വെളിച്ചെണ്ണ | 01-08-25 തീയതി | 25-08-25 തീയതി | 22-09-25 തീയതി | 01-12-25 തീയതി | 22-12-25 തീയതി | 03-02-26 തീയതി |
|---|---|---|---|---|---|---|
| വെളിച്ചെണ്ണ സബ്സിഡി ½ ലിറ്റർ + നോൺ സബ്സിഡി ½ ലിറ്റർ | 349/- രൂപ | 339/- രൂപ | 319/- രൂപ | 319/- രൂപ തന്നെ തുടർന്നു | 309/- രൂപ | 289/- രൂപ |
| നോൺ സബ്സിഡി 1 ലിറ്റർ | 429/- രൂപ | 389/- രൂപ (23-08-25 തീയതി ) | 359/- രൂപ | 349/- രൂപ | 329/- രൂപ | 309/- രൂപ |